**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 214** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഗെയിൽ പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഏത് ഘട്ടത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ രണ്ടു ഘട്ടങ്ങളിലായാണ് നടപ്പിലാക്കിയത്. പദ്ധതിയുടെ ഒന്നാം ഘട്ടമായ 48 കി.മി കൊച്ചിയിൽ 2010ൽ ആരംഭിക്കുകയും 2013ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടം കൊച്ചിയിൽ നിന്നും ആരംഭിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്ന് പോകുന്നു. പൈപ്പ് ലൈനിന്റെ ആകെ ദൈർഘ്യം 513 കി.മി. ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 49 കി.മി വെൽഡിങ്ങും, 31 കി.മി ലോവറിങ്ങും പൂർത്തീകരിച്ചിരുന്നു. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം ഗെയിൽ പദ്ധതി പൂർത്തികരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നു പോകുന്ന 513കി.മി. ദൈർഘ്യമുള്ള കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിയുടെ രണ്ടാം ഘട്ടം 2011ൽ ആരംഭിച്ചുവെങ്കിലും ചില എതിർപ്പുകൾ മൂലം നിർത്തിവെച്ച പദ്ധതി സർക്കാരിന്റെ നിശ്ചയദാർഢ്യം മൂലമാണ് 2016ൽ പുനഃരാരംഭിച്ചത്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ എതിർപ്പ് ഉയർന്നപ്പോൾ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 06.11.2017ന് കോഴിക്കോട് വച്ച് ബന്ധപ്പെട്ട കക്ഷികളുടെ യോഗം വിളിക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുമായി മുന്നോട്ട് പോകുവാനുള്ള തീരുമാനം എടുക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.11.2017ന് തിരുവനന്തപുരത്തു വച്ച് നടന്ന യോഗത്തിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും, ആയതിൻ പ്രകാരം നഷ്ടപരിഹാരത്തുക ഉയർത്തിക്കൊണ്ട് 01.12.2017ലെ ജി.ഒ (ആർ.റ്റി) നം.5165/2017/RD |

| | | | |
|---|---|---|---|
| | | | ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മേൽ ഉത്തരവ് പ്രകാരം. 1) ഉപയോഗാവകാശ ഭൂമിയുടെ നഷ്ടപരിഹാരം ന്യായവിലയുടെ പത്തിരട്ടിയായി (100 ശതമാനമായി) വർദ്ധിപ്പിക്കുകയും 2) 10 സെൻറിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും, കൂടാതെ 5 ലക്ഷം രൂപ ആശ്വാസ ധനമായി നൽകുകയും 3) കൂടാതെ നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരം സെൻറ് ഒന്നിന് 3761 രൂപ വച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈൻ കടന്നു പോകുന്ന മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തിരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മസേനയ്ക്ക് സുരക്ഷയെപ്പറ്റിയും, നഷ്ടപരിഹാരത്തെ പറ്റിയുമുള്ള ജനങ്ങളുടെ ആശങ്കകൾ നീക്കുവാനും, പദ്ധതിയുടെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരിക്കാനും സാധിച്ചു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും നഷ്ടപരിഹാരത്തുക ഉയർത്തുന്നതിനും വേണ്ടി സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുണ്ട്. |
| (സി) | ഗെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ കാണിച്ച ദൃഢ നിശ്ചയം ഇന്ത്യക്കാകെ മാതൃകയാകുമ്പോൾ ഈ പദ്ധതി പൂർത്തിയാവുന്നതോടെ സംസ്ഥാനത്തിനുണ്ടാവുന്ന വികസന മുന്നേറ്റങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ; | (സി) | ഇന്ത്യയിലെ പ്രധാനപ്പെട്ട അടിസ്ഥാന വികസന പദ്ധതികളിൽ ഒന്നാണ് ഗെയിൽ നടപ്പിലാക്കിയ കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതി. ടി പൈപ്പ് ലൈൻ പദ്ധതി യാഥാർത്ഥ്യമായതോടുകൂടി ചെലവ് കുറഞ്ഞതും, സുരക്ഷിതവും അന്തരീക്ഷ മലിനീകരണം വളരെ കുറഞ്ഞതുമായ ഇന്ധനം ഗാർഹിക ആവശ്യങ്ങൾക്കും, വാഹനങ്ങൾക്കും, വ്യവസായ ശാലകൾക്കും ലഭ്യമാവുന്നതാണ്. ഇത് കൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കുവാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നല്കുന്നതാണ്. ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽ വരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും, അതിലൂടെ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന ചെലവ് കുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക ഉപയോഗം മൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയും എന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല സംസ്ഥാന ഖജനാവിന് പ്രകൃതിവാതക |

| | | | |
|---|---|---|---|
| | | | ഉപയോഗത്തിന് അനുസൃത മായി നികുതി വരുമാനം ഗണ്യമായി ഉയരുന്നതാണ്. കൂടാതെ ടാങ്കർ ലോറികൾ മൂലമുണ്ടാകുന്ന അപകടങ്ങൾ/എൽ.പി.ജി സിലിണ്ടർ അപകടങ്ങൾ ഗണ്യമായി കുറയുകയും, കൂടാതെ എൽ.പി.ജി ക്ഷാമത്തിന് പരിഹാരമാകുന്നതുമാണ്. |
| (ഡി) | സിറ്റി ഗ്യാസ് ലൈൻ പദ്ധതി ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വീടുകളിലേക്കും, വാഹനങ്ങൾക്കും പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനായി പെട്രോളിയം & നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡ് (PNGRB) ചുമതലപ്പെടുത്തിയിരിക്കുന്നത് ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന കമ്പനിയെയാണ്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകുവാനായി പ്രധാന പൈപ്പിൽ നിന്നും Tap off സംവിധാനം പൈപ്പ് ലൈൻ കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഗെയിൽ സ്ഥാപിച്ചുകഴിഞ്ഞു.<br>വിതരണത്തിനായിട്ടുള്ള പൈപ്പ് ലൈൻ ശൃംഖല സ്ഥാപിക്കേണ്ട ചുമതല IOAGPL കമ്പനിക്കാണ്.<br>തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി AG &P (Atlantic Gulf & Pacific) എന്ന കമ്പനിയെയാണ് PNGRB നിശ്ചയിച്ചിട്ടുള്ളത്.<br>പ്രസ്തുത കമ്പനി പദ്ധതി നടപ്പിലാക്കുവാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ